# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 1387. 22..3..2013-ൽ മറുപടിക്ക്

## തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പാൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ. | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) തമിഴ്നാട്ടിൽ നിന്നും ദിനംപ്രതി എത്ര ലിറ്റർ പാൽ എത്തുന്നുണ്ടെന്ന് വിശദീകരിക്കുമോ; | (എ) മിൽമ തമിഴ്നാട് മിൽക്ക് പ്രൊഡ്യൂസേഴ്സ് ഫെഡറേഷനിൽ നിന്നും ദിനംപ്രതി ഏകദേശം 246301 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. |
| (ബി) തമിഴ്നാട്ടിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുന്നതിന് അനുമതി നല്കിയിട്ടുണ്ടെങ്കിൽ അത് എത്ര ലിറ്റർ പാൽ ആണെന്ന് അറിയിക്കുമോ; | (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ ഇറക്കുമതി ചെയ്യുന്നതിന് ക്ഷീരവികസന വകുപ്പ് അനുമതി നല്കിയിട്ടില്ല. പാലിന്റെ ആഭ്യന്തര ഉപഭോഗം കൂടുന്ന അവസരങ്ങളിൽ മിൽമ തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കാറുണ്ട്. മിൽമ പ്രതിദിനം ഏകദേശം 246301 ലിറ്റർ പാൽ തമിഴ്നാട് ഫെഡറേഷനിൽ നിന്നും കൊണ്ടുവരുന്നുണ്ട്. |
| (സി) ഏതെല്ലാം ജില്ലകളിലേക്കാണ് ഇത്തരത്തിൽ പാൽ എത്തുന്നതെന്ന് വിശദീകരിക്കുമോ; | (സി) തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകളിലെ ഡെയറികളിലാണ് ഇത്തരം പാൽ എത്തുന്നത്. |
| (ഡി) തമിഴ്നാട്ടിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ഡി) നിലവിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷീര വികസന വകുപ്പിന് അധികാരമില്ല. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലുൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന പാൽ സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധിച്ചുവരുന്നു. മിൽമ അന്യ സംസ്ഥാനങ്ങളിൽനിന്നും പാൽ സംഭരിക്കുന്നത് കർശന ഗുണനിലവാര നിയന്ത്രണ |

ശേഷമാണ്. മിൽമയുടെ ഡയറികളിൽ പൂർണ്ണശേഷിയുള്ള ആധുനിക ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനുപുറമെ മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടക്കിടക്ക് പരിശോധന നടത്താറുമുണ്ട്. മിൽമയിൽ ഇന്ന് നിലവിലുള്ള ഈ സംവിധാനങ്ങൾ കാര്യക്ഷമവും ഫലപ്രദ മായി ഉപയോഗപ്പെടുത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, ക്ഷീര വികസന വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ വിപണിയിലുള്ള പാൽ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്.

(ഇ) പാലിന്റെ ഗുണമേന്മ പരിശോധി ക്കുന്നതിനുള്ള മൊബൈൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ?

(ഇ) ഉണ്ട്. ക്ഷീരവികസന വകുപ്പിന്റെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള മൊബൈൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ